**കേരള സർക്കാർ**

സംഗ്രഹം

എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലെ ഗവൺമെന്റ് അനലിസ്റ്റിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

***ധനകാര്യ (സ്ലീം ലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **777/2018/ധന.** തിരുവനന്തപുരം, തീയതി **01.02.2018**

പരാമർശം - ഭക്ഷ്യസുരക്ഷാ കമ്മീഷണർ 01.01.2018 ലെ ബി 3-10589/2017CFS നമ്പരായുള്ള കത്ത്.

**ഉത്തരവ്**

ഭക്ഷ്യസുരക്ഷാ വകുപ്പിന് എഫ്.എസ്.എസ്.ഐ യിൽ നിന്നും പുതുതായി ലഭിച്ച മൊബൈൽ ഭക്ഷ്യപരിശോധന ലബോറട്ടറിയുടെ ഇന്ധന ചെലവ്, പ്രവർത്തന സാമഗ്രികൾ എന്നിവ സംബന്ധിച്ച ഫണ്ട് ലഭിക്കുന്നതിനായി ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ നൽകണമെന്ന് ഫുഡ് സേഫ്റ്റി അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട് എന്നും അതിനാൽ ഈ വാഹനത്തിന്റെ ചുമതല നിർവഹിക്കേണ്ട ഗവൺമെന്റ് അനലിസ്റ്റിന്റെ (റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം) പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങുവാനുള്ള അനുമതി നൽകണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി, എറണാകുളം റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയിലെ ഗവൺമെന്റ് അനലിസ്റ്റിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ ഒരു അക്കൗണ്ട് ആരംഭിക്കുന്നതിനും ടി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്ന തുക, താമസം വിനാ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റി, ഇടപാടുകൾ നടത്തണമെന്നുള്ള നിബന്ധനയോടെ അനുമതി നല്കി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള,
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഭക്ഷ്യസുരക്ഷാ കമ്മീഷണർ, തൈക്കാട് പി.ഒ., തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ